**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2673** | **02-08-2021 - ൽ മറുപടിയ്ക്ക്**

**റവന്യൂ (സി) വകുപ്പിന്റെ 26.08.2020-ലെ 2723/2020 നമ്പർ ഉത്തരവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ (സി) വകുപ്പിന്റെ 26.08.2020-ലെ 2723/2020 നമ്പർ ഉത്തരവ് പ്രകാരം ഒഴിവ് ഇല്ലാത്ത കാരണത്താൽ ,സ്വന്തം ജില്ലയിൽ/ഓപ്റ്റ് ചെയ്ത ജില്ലയിൽ നിന്നും സ്ഥലം മാറ്റപ്പെട്ട ജീവനക്കാരെ, തിരികെ സ്ഥലം മാറ്റം നൽകുന്നതിന്, സ്ഥലം മാറ്റം ലഭിച്ച ജില്ലയിൽ ആറ് മാസം സേവനം പൂർത്തിയാക്കണം എന്ന വ്യവസ്ഥ നിലവിലുണ്ടോ; | (എ) | 30.07.2021 തീയതിയിലെ സ.ഉ.(സാധാ) നം.2485/2021/റവ ഉത്തരവ് പ്രകാരം ഇപ്പോൾ വ്യവസ്ഥ നിലവിലില്ല. |
| (ബി) | പ്രസ്തുത ഉത്തരവ് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 25.02.2017-ലെ സ.ഉ.(പി)3/2017 നമ്പർ ഉത്തരവിന്റെ വ്യവസ്ഥകൾക്ക് എതിരാണെന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (ബി) | ബാധകമല്ല. |
| (സി) | പ്രസ്തുത ഉത്തരവിന്റെ 2(ii)-ൽ ഉദ്യോഗകാല ദൈർഘ്യത്തെക്കുറിച്ച് പറയുന്ന ഭാഗത്ത് ഒഴിവില്ലാത്ത കാരണത്താൽ സ്വന്തം/ഓപ്റ്റ് ചെയ്ത ജില്ലയിൽ നിന്നും സ്ഥലം മാറ്റപ്പെട്ട ജീവനക്കാരന് അവരുടെ സ്വന്തം/ഓപ്റ്റ് ചെയ്ത ജില്ലയിൽ ഉണ്ടാകുന്ന ആദ്യ ഒഴിവിൽ തന്നെ തിരികെ സ്ഥലം മാറ്റം നൽകേണ്ടതാണെന്ന വ്യവസ്ഥ റവന്യൂ വകുപ്പ് പാലിക്കാത്തതിന്റെ കാരണം വിശദമാക്കുമോ; | (സി) | 30.07.2021 തീയതിയിൽ സ.ഉ.(സാധാ)നം.2485/2021/റവ നമ്പർ പ്രകാരം പുറപ്പെടുവിച്ച റവന്യൂ വകുപ്പ് ജീവനക്കാരുടെ പൊതുസ്ഥലംമാറ്റ ഭേദഗതി ഉത്തരവ് പ്രകാരം ഒരു പ്രത്യേക സ്റ്റേഷനിലേക്ക് ഒന്നിൽ കൂടുതൽ വ്യക്തികൾ അപേക്ഷ നൽകുമ്പോൾ നിർബന്ധിതമായി സ്ഥലംമാറ്റപ്പെട്ടവർക്ക് മുൻഗണന നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. |
| (ഡി) | റവന്യൂ വകുപ്പിന്റെ ഉത്തരവ് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ ഉത്തരവ് പ്രകാരം സ്വന്തം ജില്ലയിൽ ഉണ്ടാകുന്ന ആദ്യ ഒഴിവിൽ തന്നെ പരിഗണിക്കുന്ന രൂപത്തിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | 30.07.2021 തീയതിയിൽ സ.ഉ.(സാധാ)നം.2485/2021/റവ നമ്പർ പ്രകാരം പുറപ്പെടുവിച്ച റവന്യൂ വകുപ്പ് ജീവനക്കാരുടെ പൊതുസ്ഥലംമാറ്റ ഭേദഗതി ഉത്തരവ് പ്രകാരം ഒരു പ്രത്യേക സ്റ്റേഷനിലേക്ക് ഒന്നിൽ കൂടുതൽ വ്യക്തികൾ അപേക്ഷ നൽകുമ്പോൾ നിർബന്ധിതമായി സ്ഥലംമാറ്റപ്പെട്ടവർക്ക് മുൻഗണന നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ